## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4440** **19-07-2022 - ൽ മറുപടിയ്ക്ക്**

## പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന സഹായങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടെയും കൊഴിഞ്ഞുപോക്കിന്റെയും നിരക്ക് കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള എം.ആർ.എസുകളിലും പ്രീമെട്രിക് സ്കൂളുകളിലും ഉന്നത വിജയത്തിനായി മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. പരിഹരിക്കുന്നതിനായി മെന്റർ ടീച്ചർ, വിദ്യാവാഹിനി, സാമൂഹ്യപഠനമുറി, പഠനമുറി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വിദ്യാർത്ഥികളുടെ മാനസിക ശേഷി വർദ്ധിപ്പിക്കുന്നതിനും വ്യക്തിത്വ വികസനം സാദ്ധ്യമാക്കുന്നതിനുമായി ഹോസ്റ്റലുകളിലും എം.ആർ.എസുകളിലും സ്റ്റുഡന്റ്സ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇത് പരിഹരിക്കുന്നതിന് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള എം.ആർ.എസുകളിലും പ്രീമെട്രിക് സ്കൂളുകളിലും ഉന്നത വിജയത്തിനായി മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. പരിഹരിക്കുന്നതിനായി മെന്റർ ടീച്ചർ, വിദ്യാവാഹിനി, സാമൂഹ്യപഠനമുറി, പഠനമുറി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വിദ്യാർത്ഥികളുടെ മാനസിക ശേഷി വർദ്ധിപ്പിക്കുന്നതിനും വ്യക്തിത്വ വികസനം സാദ്ധ്യമാക്കുന്നതിനുമായി ഹോസ്റ്റലുകളിലും എം.ആർ.എസുകളിലും സ്റ്റുഡന്റ്സ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. |
| (സി) | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന സഹായം എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (സി) | 1. പ്രീ-മെട്രിക്ക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി<br><br>2. ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി.<br><br>3.ഇതര സംസ്ഥാന പഠനം<br><br>4.അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി. |

| | | | |
|---|---|---|---|
| | | | 5.സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br><br>6. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം<br><br>7. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.<br><br>8. ലാപ്ടോപ്പ് വിതരണം<br><br>9. പഠന മുറി പദ്ധതി<br><br>10.ഗോത്രബന്ധു വിദ്യാവാഹിനി പദ്ധതി<br><br>11. ഗോത്ര സാരഥി (വിദ്യാവാഹിനി) പദ്ധതി<br><br>12. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം<br><br>13.വിങ്ങ്സ്-വൈമാനിക പരിശീലന പരിപാടി<br><br>14. നൈപുണ്യ വികസന പരിശീലന പരിപാടികൾ |
| (ഡി) | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ പഠനം നിർത്തുന്ന പ്രൊഫഷണൽ വിദ്യാർത്ഥികൾക്കായി നൽകി വരുന്ന സഹായം വ്യക്തമാക്കാമോ; | (ഡി) | 1. പ്രീ-മെട്രിക്ക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി<br><br>2. ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി.<br><br>3.ഇതര സംസ്ഥാന പഠനം<br><br>4.അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി.<br><br>5.സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br><br>6. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം<br><br>7. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.<br><br>8. ലാപ്ടോപ്പ് വിതരണം<br><br>9. പഠന മുറി പദ്ധതി<br><br>10.ഗോത്രബന്ധു വിദ്യാവാഹിനി പദ്ധതി<br><br>11. ഗോത്ര സാരഥി (വിദ്യാവാഹിനി) പദ്ധതി<br><br>12. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം<br><br>13.വിങ്ങ്സ്-വൈമാനിക പരിശീലന പരിപാടി<br><br>14. നൈപുണ്യ വികസന പരിശീലന പരിപാടികൾ |

| | | | |
|---|---|---|---|
| (ഇ) | ഐ.എ.എസ്. കോച്ചിംഗ് ക്ലാസ്സുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നൽകി വരുന്ന സേവനങ്ങൾ വിശദമാക്കാമോ? | (ഇ) | കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം മണ്ണന്തല സിവിൽ സർവ്വീസ് അക്കാഡമിയിൽ നിശ്ചിത യോഗ്യതയുള്ള പരമാവധി 40 പേർക്ക് സംസ്ഥാന തലത്തിലുള്ള ഓറിയന്റേഷൻ ക്യാമ്പ് 30/06/2022 മുതൽ ആരംഭിച്ചിട്ടുണ്ട്. ഓറിയന്റേഷൻ കോഴ്സിന് ശേഷം നടക്കുന്ന സ്ക്രീനിംഗ് ടെസ്റ്റിനും ഇന്റർവ്യൂവിനും ശേഷം തെരഞ്ഞെടുക്കപ്പെടുന്ന പരമാവധി 20 പരിശീലനാർത്ഥികൾക്ക് കേരളത്തിലോ, കേരളത്തിനു പുറത്തോ ഉള്ളതെരഞ്ഞെടുക്കപ്പെട്ട കോച്ചിംഗ് സ്ഥാപനങ്ങളിൽ ഒരു വർഷ ചേർന്ന് പഠിക്കുന്നതിന് അവസരമുണ്ട്. തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള താമസം, യാത്രചെലവ് ,പോക്കറ്റ് മണി ,ഭക്ഷണം ഉൾപ്പെടെയുള്ള ചെലവ് നൽകുന്നുണ്ട്. പ്രിലിമിനറി പരീക്ഷയ്ക്ക വേണ്ടി കേരളത്തിലോ, കേരളത്തിന് പുറത്തും ഉള്ള സ്ഥാപനത്തിൽ ഒരു വർഷത്തെ അല്ലെങ്കിൽ പ്രിലിമിനറി പരീക്ഷാഫലം വരുന്നതുവരെ (ആവശ്യമായി വരുന്ന പക്ഷം ആയത് പരമാവധി 2 വർഷം വരെ) താമസസൗകര്യം ഉൾപ്പെടെ കോച്ചിംഗ് ആനുകൂല്യം അനുവദിച്ചു നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ